LIBRARY ARCHIVES Kerala Legislative Assembly

ഭരണരംഗത്തെ അഴിമതിയും കെടുകാര്യസ്ഥതയും

16(*16) ശ്രീ. എം. എ. ബേബി :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിൽ അഴിമതി ആശങ്കാജനകമാംവിധം വർദ്ധിച്ചു വരുന്നതായ ആക്ഷേപത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഭരണതലത്തിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതിയും കെടുകാര്യസ്ഥതയും, സംസ്ഥാനത്തിന്റെ വികസനത്തെ പിറകോട്ട് വലിച്ചുകൊണ്ടിരിക്കുന്നതായി അറിയാമോ;

(സി) മുഖ്യമന്ത്രി അറിഞ്ഞോ അറിയാതെയോ ചില അഴിമതിക്കാരെ സംരക്ഷിക്കുന്നുവെന്ന് മുൻ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയാമോ;

(ഡി) വിജിലൻസ് അന്വേഷണം നേരിടുന്ന മന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും, ജീവനക്കാരുടേയും എണ്ണം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം നല്കുമോ;

(ഇ) മേൽ സാഹചര്യത്തിൽ ഭരണതലത്തിലാകെ ഒരുമാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ രംഗത്ത് പ്രശ്നങ്ങൾ എത്രത്തോളം സങ്കീർണ്ണമാണെന്ന് അറിയാമോ; ഈ രംഗത്ത് അനുകരണീയമായ മാതൃക സൃഷ്ടിക്കാൻ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) സിവിൽ സർവ്വീസിൽ ആശങ്കാജനകമാംവിധം അഴിമതി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അത്തരമൊരു സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിജിലൻസ് അന്വേഷണം നേരിടുന്നവരുടെ എണ്ണം.

1.	മന്ത്രിമാർ	-	ഇല്ല
2.	ഉന്നത ഉദ്യോഗസ്ഥർ	-	8 പേർ
3.	ജീവനക്കാർ	-	316 പേർ

(ഇ) പൊതുജന പങ്കാളിത്തത്തോടെ അഴിമതിയ്ക്കെതിരായ പോരാട്ടം കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വിജിലൻസ് ബ്യൂറോയുടെ സുവർണ്ണ ജൂബിലി വർഷം, സമഗ്ര അഴിമതി വിരുദ്ധ ബോധവൽക്കരണ വർഷമായി ആചരിക്കുന്നു. മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി ടോൾഫ്രീ പരാതി പരിഹാര മൊബൈൽ ഫോൺ, ലൈറ്റ്നിംഗ് സ്ക്വാഡ്, എസ്.എം.എസ്, വാട്ട്സ് ആപ്പ് തുടങ്ങിയ ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ വഴി പൊതുജനങ്ങൾക്ക് അഴിമതിയെ സംബന്ധിച്ച പരാതികൾ നൽകാവുന്നതും ആയതിന് പരിഹാരം എത്രയും പെട്ടെന്ന് കാണാൻ ശ്രമിക്കുകയും ചെയ്തു വരുന്നു. ഇത് അനുകരണീയമായ മാതൃകയാണ്.

മാഫിയ സംഘങ്ങളുടെ പ്രവർത്തനങ്ങൾ തടയാൻ നടപടി

17(*17) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണ്, മണൽ, പാറ, റിയൽ എസ്റ്റേറ്റ് മാഫിയ സജീവമാകുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത മാഫിയകളുടെ ഭാഗമായി ഗ്രൂപ്പുകൾ നടത്തുന്ന ഗ്രൂപ്പിസവും, അതൊടനുബന്ധിച്ചുള്ള സംഘട്ടനങ്ങളും സമാധാന ജീവിതത്തിന് ഭംഗം വരുത്തുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; 2014-ൽ ഇതോടനുബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പോലീസിലെ ഒരു വിഭാഗം ഈ മാഫിയ സംഘങ്ങൾക്ക് ഒത്താശ ചെയ്യുന്നുണ്ടെന്ന ആരോപണങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സംസ്ഥാനത്ത് മണ്ണ്, മണൽ, പാറ, റിയൽ എസ്റ്റേറ്റ് മാഫിയകളുടെ കുറ്റകരമായ പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും "ഓപ്പറേഷൻ സുരക്ഷ" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാകുന്നു. മണ്ണ്, മണൽ, പാറ, റിയൽ എസ്റ്റേറ്റ് മാഫിയ തുടങ്ങിയവ സജീവമാകുന്നത് തടയാൻ റെയിഡുകൾ നടത്തിയും വാഹനപരിശോധനകൾ നടത്തിയും പട്രോളിംഗ് നടത്തിയും ഇത്തരക്കാരെ നിരീക്ഷിച്ച് ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലെ MMDR Act, KPRB Act, RRS Act & 379 IPC തുടങ്ങിയ നിയമവ്യവസ്ഥകൾ പ്രകാരം കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ രഹസ്യവിവരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly